# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

**June 2011**

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

**June 2011**

എഡിറ്റോറിയൽ ബോർഡ്

*ചീഫ് എഡിറ്റർ*

ഡോ. ജോൺസൺ സി. ഫിലിപ്പ്

*മാനേജിംഗ് എഡിറ്റർ*

ഡോ. സനീഷ് ചെറിയാൻ

*ഡിസൈൻ & ലേ ഔട്ട്*

ലോഗോസ് മീഡിയ

## ഉള്ളടക്കം

1 . വിശ്വാസിയും വിമർശനവും
ഡോ. സനീഷ് ചെറിയാൻ

2. പെരുമാറ്റ ചട്ടങ്ങൾ
ഡോ. ജോൺസൺ സി. ഫിലിപ്പ്

3. പൂർവ്വകാല സ്മരണകൾ
ഇ.പി. വറുഗീസ്

Email- editor.verpadu@gmail.com
Website: http://freeebooks.itz4u.com

## അനുരഞ്ജനത്തിന്റെ പടിവാതിൽ....

ഉപദേശത്തിനും വേർപെട്ട ജീവിതത്തിനും പേരുകേട്ട സമൂഹമാണ് ബ്രദറുകാർ. സമ്പത്തോ സ്വാധീനമോ ആയിരുന്നില്ല അവരുടെ കൈമുതൽ. വചനത്തെ മുറുകെ പിടിച്ച അവർ തെറ്റു ചെയ്തവർക്കെതിരെ മുഖം നോക്കാതെ വചനാനുസൃതം നടപടിയെടുത്തു. തന്മൂലം വക്രഗതിക്കാരായ പലരും ഈ സമൂഹത്തിൽ നിന്നും പുറത്തുപോയി.

ഇങ്ങനെ ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോൾ സ്ഥിതി ആകെ മാറി. ഉപദേശപരമായ വേർപാട് വാക്കിൽ മാത്രമായി പട്ടത്വ സഭക്കാർ പോലും ബ്രദറൺ വേദികളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. വചനത്തെയും വേർപാടുപദേശത്തെയും എന്നും പരിഹസിക്കുന്ന പട്ടത്വ സഭക്കാരുടെ രംഗപ്രവേശം ബ്രദറൺ യുവജനങ്ങളിൽ ആഴമായ വിശ്വാസ വ്യതിയാനത്തിനു വഴി തെളിച്ചു. പലരും പട്ടത്വ സഭകളിലേക്കും പുതുയുഗ സഭകളിലേക്കും ചേക്കേറി. പട്ടത്വ സഭകളിൽ നിന്നും വിവാഹത്തിന് എടുപ്പും കൊടുപ്പും നടക്കുന്നു.

ഉപദേശത്തിനു വേണ്ടി നിന്ന പല ഉപദേഷ്ടാക്കന്മാരും അതു ലഘുവായി അവതരിപ്പിച്ചു തുടങ്ങി. സകലമാന ഉപദേശകർക്കും കയറിയിറങ്ങാവുന്ന ഒരു വേദിയാക്കി ബ്രദറൺ സമൂഹത്തെ മാറ്റുവാൻ ചിലർ മനഃപ്പൂർവ്വമായി ശ്രമിക്കുന്നു. യഹോവാ സാക്ഷികളിലേക്കും, ഇസ്ലാം മതത്തിലേക്കും കരിസ്മാറ്റിക് സഭകളിലേക്കും വിശ്വാസികൾ വഴുതിപ്പോകുന്നു. സ്ഥാനമാനങ്ങൾക്കും സ്വാർത്ഥ താൽപര്യങ്ങൾക്കും വേണ്ടി വേർപാടു സഭകൾ മുറുകെ പിടിച്ചുവന്ന ഉപദേശങ്ങളിലും വേർപാടിലും വിട്ടുവീഴ്ച വരുത്തിയവർ സഭകൾക്കു ചെയ്ത ദോഷത്തിന്റെ വ്യാപ്തി വെളിപ്പെട്ടു തുടങ്ങിയിരിക്കുന്നു.

വേർപാടു സഭകൾ വേർപാടിലേക്കു തിരിച്ചുവരണം. ഉപദേശപരമായി വ്യതിചലിക്കപ്പെട്ടവരോടും വ്യതി ചലിപ്പിക്കുന്നവരോടും അകന്നു നിൽക്കണം. വേർപാടു വിശ്വാസികളെ ഇതര ഉപദേശ സംഘങ്ങളും പട്ടത്വ സഭകളുമായി കൂട്ടിയിണക്കാൻ ശ്രമിക്കുന്നവരോട് അകന്നു നിൽക്കണം. അല്ലാഞ്ഞാൽ നാളെ നമ്മുടെ തലമുറ അസ്തോദ്യ ഭാഷ സംസാരിക്കും എന്നു ഓർക്കണം. വേർപാടു ഉപദേശത്തിനും വചനത്തിനും നിരക്കാത്ത കാര്യങ്ങൾ വേർപാടു സമൂഹത്തിൽ കണ്ടു വിലപിക്കേണ്ടിവരും. അല്പം ജാഗ്രത വലിയ ആപത്ത് ഒഴിവാക്കും.

എസ്.സി.

# വിശ്വാസിയും വിമർശനവും

ഡോ. സനീഷ് ചെറിയാൻ

**വിശ്വാസഗോളത്തിലും ജഡികപരമായ വിമർശനങ്ങൾ കാണപ്പെടാറുണ്ടെങ്കിലും ആത്മീകർ അത്തരം വിമർശനങ്ങൾക്ക് യാതൊരു വിലയും കല്പിക്കുവാൻ പാടില്ല. അതുകൊണ്ട് നമുക്ക് ക്രിയാത്മക വിമർശനത്തെ വേദപുസ്തക പ്രകാരം ആത്മീക വിമർശനം എന്നും വിളിക്കാം. ആത്മീക വിമർശനത്തിന്റെ ഏകവും ആത്യന്തികവുമായ ഉദ്ദേശം എന്നതു വിശ്വാസികളുടെ യഥാസ്ഥാപനമാണ്**

മനുഷ്യജീവിതത്തിലെ അവിഭാജ്യ ഘടകങ്ങളിലൊന്നാണ് വിമർശനം (criticism). വിമർശനത്തിന്നു മാനവ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. തിരുവചനത്തിലും വിമർശനത്തിന്റെ വ്യത്യസ്ത തലങ്ങൾ ദൈവാത്മാവ് വെളിപ്പെടുത്തിയിട്ടുണ്ട്. ഏദൻ തോട്ടത്തിലാണ് ആദ്യത്തെ വിമർശനം നാം കാണുന്നത്.

ഉൽപത്തി 2:17ൽ യഹോവയായ ദൈവം മനുഷ്യനോട് : "നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" എന്നു കല്പിച്ചു. ഈ കല്പനയെക്കുറിച്ചു കേട്ടറിഞ്ഞ സാത്താൻ അതിന്റെ വിശ്വാസ്യതയെ വിമർശിക്കുന്നതു ശ്രദ്ധിക്കുക : "നിങ്ങൾ മരിക്കയില്ല നിശ്ചയം.... നിങ്ങൾ ദൈവത്തെപ്പോലെ ആകും" (3:5). ദൈവകല്പനയെക്കാളുപരി സാത്താന്റെ വിമർശനമാണ് ഹവ്വയെ ആകർഷിച്ചത്. ഇന്നും ഈ പ്രവണത തുടരുന്നു. വിമർശനം മനുഷ്യജീവിതത്തിൽ അന്തർലീനമായിരിക്കുന്നതിനാൽ അതിനെ വസ്തുനിഷ്ഠമായും വചനപ്രകാരവും ഒന്നു വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

വിമർശനങ്ങളെ പൊതുവായി രണ്ടു നിലകളിൽ വിഭജിക്കാവുന്നതാണ്. ക്രിയാത്മക വിമർശനം (positive or constructive criticism), നിഷേധാത്മക വിമർശനം (negative or destructive criticism). ഈ രണ്ടു രീതികളിൽ ക്രിയാത്മക വിമർശനത്തെ വേദപുസ്തകം സാധൂകരിക്കുന്നു.

### എന്താണ് ക്രിയാത്മക വിമർശനം?

ഏറ്റവും ലളിതമായ ഭാഷയിൽ പറഞ്ഞാൽ തെറ്റു പറ്റിയ ഒരുവനെ യഥാസ്ഥാനപ്പെടുത്തുന്നതിനായി ചെയ്യുന്ന വിമർശനമാണ് ക്രിയാത്മക വിമർശനം. ഒരുവനെ തെറ്റിൽനിന്നു പിൻതിരിപ്പിക്കുക എന്ന ഏക ലക്ഷ്യമാണ് ഇതിന്നു പിന്നിൽ. നാഥാൻ പ്രവാചകൻ ദാവീദിനോടു ബർശേബയുടെ വിഷയത്തിൽ ഇടപെടുന്നത് ഇതിന് ഉത്തമ ഉദാഹരണമാണ്. (2 ശമുവേൽ 12:7) വിശ്വാസികൾ തെറ്റിൽ അകപ്പെടുവാനുള്ള സാധ്യത ഉണ്ട്. അവരുടെ യഥാസ്ഥാപനത്തിനും തനതു പ്രാധാന്യമുണ്ട്. ഭൗതിക ലോകത്തു മനുഷ്യൻ വിമർശനം നടത്തുന്നതു തന്റെ എതിരാളിയെ തകർക്കുക എന്ന ലക്ഷ്യത്തോടെയാണ്. അതുകൊണ്ട് അതിനെ ജഡികപരമായ വിമർശനം എന്നു പറയാം. വിശ്വാസഗോളത്തിലും ജഡികപരമായ വിമർശനങ്ങൾ കാണപ്പെടാറുണ്ടെങ്കിലും ആത്മീകർ അത്തരം വിമർശനങ്ങൾക്ക് യാതൊരു വിലയും കല്പിക്കുവാൻ പാടില്ല.

ക്രിയാത്മക വിമർശനത്തെ വേദപുസ്തക പ്രകാരം നമുക്ക് ആത്മീക വിമർശനം എന്നും വിളിക്കാം. ആത്മീക വിമർശനത്തിന്റെ ഏകവും ആത്യന്തികവുമായ ഉദ്ദേശം എന്നതു വിശ്വാസികളുടെ

യഥാസ്ഥാപനമാണ്; (ഗലാ. 6:1). സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവരെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ."

## ആത്മീക വിമർശനത്തിന്റെ പ്രത്യേകതകൾ

**1. അതു വ്യക്തി പരമായിരിക്കും (mt. 18:15).** ആത്മീകവും വചന പ്രകാരവുമുള്ള വിമർശനം തികച്ചും വ്യക്തിപരമാണ്. സഹവിശ്വാസിയിലെ തെറ്റു കണ്ടവനും തെറ്റു ചെയ്തവനും തമ്മിലുള്ള വിമർശനം. ഇവിടെ തെറ്റുകാരനെ വിമർശിക്കുന്നതു അവനെ തന്റെ കുറ്റത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്തേണ്ടതിനും മാനസാന്തരത്തിലേക്കു നയിക്കേണ്ടതിനുമാണ്. വ്യക്തിപരമായ ഇടപെടലിലൂടെ തെറ്റുതിരുത്താൻ തയ്യാറായ വ്യക്തിയെ വിമർശകൻ വാസ്തവമായും കർത്താവിനുവേണ്ടി നേടുകയാണ്. അതായിരിക്കണം വിമർശനത്തിന്റെ ഉദ്ദേശ്യം.

> ഉപദേശത്തിനും വേർപെട്ട ജീവിതത്തിനും വിരോധയമായി പെരുമാറുന്നവരെ സത്യപാതയിലേക്കു നടത്തുന്നതിനായി തുറന്നു ശാസിക്കുന്നതു വചനപ്രകാരം തെറ്റല്ല. എന്നാൽ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സഹവിശ്വാസിയെ സ്വഭാവഹത്യ ചെയ്യരുത്. അങ്ങനെ ചെയ്യുന്ന വ്യക്തി അപവാദിയായ സാത്താന്റെ പ്രതിനിധിയാണ്

**2. സഭയാണ് തെറ്റുകാരനെതിരെ നടപടിയെടുക്കാൻ ദൈവകല്പിതമായ സ്ഥാപനം :** വ്യക്തിപരമായ വിമർശനത്തെ അംഗീകരിക്കാതെ തെറ്റിൽ തുടരുന്നവനെ ശാസിക്കാനും വിമർശിക്കാനുമുള്ള അധികാരം കർത്താവ് സഭയിലെ മൂപ്പന്മാരെയും ശുശ്രൂഷകരെയുമാണ് ഏൽപ്പിച്ചിരിക്കുന്നത് (മത്തായി. 18:16, 17; തീത്തോസ് 2:15). തെറ്റു ചെയ്ത വ്യക്തിയെ ഇല്ലായ്മ ചെയ്യുകയല്ല, യഥാസ്ഥാനപ്പെടുത്തുകയാണ് സഭയുടെയും ആത്മീകരുടെയും ദൗത്യം.

അപ്പോസ്തോലന്മാരായ പൗലോസും പത്രോസും തമ്മിൽ ന്യായപ്രമാണവും കൃപയും സംബന്ധമായി ഉഗ്രവാദം ഉണ്ടായതായി ഗലാത്യ ലേഖനത്തിൽ നാം കാണുന്നു. എന്നാൽ അവർ പരസ്പരം വ്യക്തിഹത്യയോ അപവാദ പ്രചരണമോ നടത്തിയതായി ദൈവാത്മാവ് രേഖപ്പെടുത്തിയിട്ടില്ല. പത്രോസിലെ തെറ്റിനെ നിശിതമായി വിമർശിച്ചതിലൂടെ പൗലോസ് പത്രോസിനെ നേടി എന്നു നമുക്ക് വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ഉപദേശത്തിനും വേർപെട്ട ജീവിതത്തിനും വിരോധയമായി പെരുമാറുന്നവരെ സത്യപാതയിലേക്കു നടത്തുന്നതിനായി തുറന്നു ശാസിക്കുന്നതു വചനപ്രകാരം തെറ്റല്ല. എന്നാൽ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സഹവിശ്വാസിയെ സ്വഭാവഹത്യ ചെയ്യരുത്. അങ്ങനെ ചെയ്യുന്ന വ്യക്തി അപവാദിയായ സാത്താന്റെ പ്രതിനിധിയാണ് (വെളി. 12:10).

## നിഷേധാത്മക വിമർശനം (Negative Criticism)

സമൂഹത്തിൽ സാധാരണയായി നാം കണ്ടുവരുന്നതു നിഷേധാത്മക വിമർശനമാണ്. ഇതിനെ നശിപ്പിക്കുന്ന വിമർശനം (destructive criticism) എന്നും വിളിക്കാം. മറ്റുള്ളവരെ മാനസികമായും ആത്മീകമായും നശിപ്പിക്കുന്ന രീതി ആയതുകൊണ്ട് ഇതു നിഷേധാത്മകം എന്ന പേരിലറിയപ്പെടുന്നു. എതിരാളിയെ ഏതു നിലയിലും വകവരുത്തുക എന്നതാണ് ഈ വിമർശനത്തിനു പിന്നിൽ. സാധാരണ വിമർശനങ്ങൾകൊണ്ട് താറുമാറാകാത്തവരെ സ്വഭാവ ഹത്യയിലൂടെ (Character Attack) ആക്രമിക്കുന്നതായി കണ്ടുവരുന്നു. അല്പം പുളിയും എരിവും ചേർത്തു നടത്തുന്ന വിമർശനങ്ങൾ കേൾവിക്കാരുടെ ജഡിക സ്വഭാവത്തിനു സംതൃപ്തി ഏകാൻ സാധ്യതയുണ്ടെന്നു മനസ്സിലാക്കുന്ന വിമർശകൻ ഈ തന്ത്രം യഥാവിധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു

ഈ രീതി രാഷ്ട്രീയ പാർട്ടികളിലും മതസംഘട നകളിലും കണ്ടുവന്നിരുന്നതാണ്. എന്നാൽ ഇന്നു വേർപെട്ട ദൈവജനത്തിനു മദ്ധ്യേയും ഇതു വളർന്നു കൊണ്ടിരിക്കുന്നു. കൂട്ടുസഹോദരനെ പരസ്യമായി വിമർശിക്കുന്നതിലും അവഹേളിക്കു ന്നതിലും ആനന്ദം കണ്ടെത്തുന്ന വിശ്വാസികളുടെ ആത്മീക നില വളരെ താറുമാറായിരിക്കുന്നു.



നിഷേധാത്മക വിമർശനത്തിന്റെ ലക്ഷ്യം തന്നെ എതിരാളിയുടെ പതനമാണ്. ഏദൻതോട്ടത്തിൽ പഴയ പാമ്പ് ഉപയോഗിച്ച വിമർശന തന്ത്രം ഇതാ യിരുന്നു. മനുഷ്യകുലത്തെ ഒന്നാകെ ദൈവസന്നി ധിയിൽ നിന്ന് അകറ്റി കളയുവാൻ സാത്താനും തന്റെ വിമർശനങ്ങൾക്കും സാധിച്ചു. ഇന്നും ദൈവജനത്തെ പരസ്യമാധ്യമങ്ങളിലൂടെ അവഹേ ളിക്കുന്ന രീതി ചിലർ അവലംബിക്കുന്നു. അതു അവർ ആത്മീകർ ആയതു കൊണ്ടല്ല (ആയിരു ന്നെങ്കിൽ സഹോദരനെ പ്രസിദ്ധീകരണങ്ങളിലൂടെ അപമാനിക്കുമായിരുന്നില്ല. ദൈവവചന പ്രകാരം, ആത്മീകമായ നിലയിൽ തിരുത്തുമായിരുന്നു), തങ്ങളിലെ കുറവുകളെ മറയ്ക്കേണ്ടതിനും അതിനെ വിമർശിക്കുന്നവരെ ഒടുക്കിക്കളയേണ്ട തിനും. ഇത്തരം വിമർശനങ്ങൾ നടത്തുന്നു എന്നു ന്യായമായും ചിന്തിക്കാവുന്നതാണ്.

സ്ഥലം സഭകളുടെ സ്വതന്ത്രപരിപാലന ക്രമം എന്ന തിരുവചന ഉപദേശത്തിൽ നിന്നും വ്യതിച ലിക്കപ്പെട്ടുപോയ വേർപാടു സമൂഹത്തിൽ വിധി കർത്താക്കളായി രംഗപ്രവേശം ചെയ്ത ചിലരുടെ പത്രപ്രവർത്തനങ്ങൾ ദൈവത്തെയും സ്ഥലം സഭ കളെയും ശുശ്രൂഷകരെയും ജാതികളുടെ മുമ്പിൽ അപഹാസ്യമാക്കുന്നതിനായി സമർപ്പിക്കപ്പെട്ടവ യാണ്. സ്ഥലം സഭകളിലെ പ്രശ്നങ്ങൾ അവിടെ തന്നെ ദൈവാത്മാവിനു കീഴ്പ്പെട്ടു പരിഹരിക്കു ന്നതിനു പകരം അപവാദ വാർത്തകളായി ഇത്തരം പ്രസിദ്ധീകരണങ്ങൾക്കു നൽകി തങ്ങൾക്കു തന്നെ കുഴികുഴിച്ച അവസ്ഥ പല ശുശ്രൂഷ കർക്കും സഭകൾക്കും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രസിദ്ധീകരണ കർത്താക്കൾ ഒഴികെ ബാക്കി യുള്ള വിശ്വാസികളും സഭകളും ശുശ്രൂഷകരും പാപികളെന്ന ആശയം അവതരിപ്പിച്ചുകൊണ്ടുള്ള വിമർശന കുറിപ്പുകൾ പല യുവവിശ്വാസികളെ പിന്മാറ്റത്തിലേക്കും ആത്മീക മരണത്തിലേക്കും നയിച്ചിട്ടുണ്ട്. ഇത്തരം വിമർശകരെ നാം സൂക്ഷ്മ ത്തോടെ സമീപിച്ചില്ലെങ്കിൽ ദൂരവ്യാപക പ്രത്യാ ഘാതങ്ങൾ കാണേണ്ടിവരും.

## വായനക്കാരുടെ ചിന്തയ്ക്കായി ചില ചോദ്യങ്ങൾ.

1. ഇത്തരം വിമർശകർ വേർപാടു സഭകളുടെ ഉന്നമനത്തിനു വേണ്ടി എന്തു ചെയ്തു?

2. ഇത്തരം പ്രസിദ്ധീകരണങ്ങൾ കൊണ്ട് സ്ഥലം സഭകൾ ഒന്നിച്ചോ അതോ വേർപിരിഞ്ഞോ?

3. ഏതു നിലയിലുള്ള ആത്മീക വളർച്ചയാണ് നിങ്ങൾക്ക് ഇത്തരം പ്രസിദ്ധീകരണങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളത്.

4. ഇത്തരം വിമർശന പ്രസിദ്ധീകരണങ്ങൾ വേർപാടു സഭകളുടെ മഹത്വമാണോ അവതരിപ്പിക്കുന്നത്?

5. ഇത്തരം പ്രസിദ്ധീകരണങ്ങൾ നിങ്ങളുടെ മക്കൾ വായിച്ചാൽ അവരുടെ ആത്മീക ഉന്നമനമോ അതോ വിശ്വാസ ത്യാഗോ സംഭവിക്കുക?

## വിമർശന പ്രസിദ്ധീകരണങ്ങൾ വരുത്തിവയ്ക്കുന്ന ദോഷങ്ങൾ ചില്ലറയല്ല.

1. വിശ്വാസികളുടെ ഇടയിൽ വ്യക്തി വിദ്വേഷങ്ങൾ വളർത്തിയെടുക്കുന്നതിൽ ഇത്തരം പ്രസിദ്ധീകരണങ്ങൾ പ്രധാന പങ്കു വഹിക്കുന്നു.

2. സ്ഥലം സഭകളിലെ വിരളമായുണ്ടാകുന്ന പ്രയാസങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിലൂടെ ദൈവജനത്തിന്റെ പൊതുവിലുള്ള സാക്ഷ്യത്തെ നഷ്ടപ്പെടുത്തുന്നു.

3. ഉപദേശപരമായുണ്ടാകുന്ന ആശയ വിമർശനങ്ങളെ വ്യക്തി വിമർശനങ്ങളായി അവതരിപ്പിച്ച് മുതലെടുപ്പ് നടത്തുകയും ചെയ്യുന്നു.

4. ഇത്തരം പ്രസിദ്ധീകരണങ്ങൾ വായിക്കുന്ന പുതു തലമുറ വേർപാടു സഭകളെ ഉപേക്ഷിച്ചു മറ്റു സഭാ വിഭാഗങ്ങളിലേക്കു പോകുന്നു. ചിലർ ദൈവവിശ്വാസം തന്നെ ത്യജിക്കുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. ആരോഗ്യപരമല്ലാത്ത വിമർശനങ്ങളിൽ പങ്കുചേരുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാതിരിക്കുക.

2. സ്വന്തം സഭയിലെ വിഷയങ്ങൾ മറ്റുള്ളവരോടു പറയാതിരിക്കുക. സ്വന്തം കുടുംബത്തിലെ പ്രശ്നങ്ങൾ അയൽക്കാരോട് പറഞ്ഞാൽ നാളെ അവർ നമ്മുടെ കുടുംബം തകർക്കുമെന്ന സത്യം വിസ്മരിക്കാതിരിക്കുക.

3. വിമർശനങ്ങൾ പറഞ്ഞു നടക്കുന്ന വിശ്വാസികളോടുള്ള സഹവർത്തിത്വം നിയന്ത്രിക്കുക.

4. വ്യക്തിപരമായ വിമർശന വാർത്തകൾ പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങളെ വീട്ടിൽ നിന്നും ഒഴിവാക്കുക. ഇല്ലെങ്കിൽ ഇവ വായിച്ചു വളരുന്ന നമ്മുടെ മക്കൾ നാളെ ദൈവ ദോഷികളായി ജീവിക്കുമ്പോൾ ഈ പ്രസാധകർക്കൊന്നും നഷ്ടപ്പെടാനില്ല. നഷ്ടം നമുക്കുതന്നെ. അത്തരം പ്രസിദ്ധീകരണങ്ങൾ വേണ്ടെന്നു വയ്ക്കുക അഥവാ വീട്ടിൽ വന്നാൽ മക്കൾ വായിക്കുന്നതിനുമുമ്പ് അവ നശിപ്പിച്ചു കളയുക.

5. കുടുംബത്തിലും കുഞ്ഞുങ്ങളുള്ള വേദികളിലും സഹോദര വർഗ്ഗത്തിന്റെ പരാജയങ്ങളെക്കുറിച്ചുള്ള ആരോഗ്യപരമല്ലാത്ത വിമർശനങ്ങൾ ഒഴിവാക്കുക.

പരിശുദ്ധാത്മ നിയന്ത്രണത്തിൽ നിന്നും അകന്ന് ജഡികമായ നിലയിൽ സഹവിശ്വാസികളെ സ്വഭാവഹത്യ ചെയ്യുന്നവർ അതിൽ തുടരട്ടെ (വെളിപ്പാട് 22:11) നമുക്കോ ദൈവവചന പ്രകാരവും പരിശുദ്ധാത്മ നിയന്ത്രണത്തിലും വേർപാടു സഭകളുടെയും നമ്മുടെ വരും തലമുറകളുടെയും ആത്മീക ഉന്നമനത്തിനായി ജാഗ്രതയോടെ പ്രവർത്തിക്കാം. ദൈവം നാമമഹത്വവും ദൈവജനത്തിന്റെ ആത്മീകാഭിവൃദ്ധിയും അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

# പെരുമാറ്റ ചട്ടങ്ങളുടെ ലംഘനം തിരുവെഴുത്തിൽ

ഡോ. ജോൺസൺ സി. ഫിലിപ്പ്

പൊതുവായതും ദൈവകല്പിതമായതും പ്രത്യേക നിലയിൽ തയ്യാറാക്കപ്പെട്ടതുമായ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനത്തെക്കുറിച്ച് ബൈബിൾ വെളിപ്പെടുത്തുന്നുണ്ട്. അവയിൽ ചിലതു ശ്രദ്ധിക്കുന്നതു ഈ വിഷയത്തിൽ കൂടുതൽ പ്രകാശനം നൽകും.

ഉൽപത്തി പുസ്തകത്തിൽ, ഹവ്വ വിലക്കപ്പെട്ട കനി കഴിക്കുന്നതിലൂടെ ദൈവകല്പനയെ ലംഘിക്കുന്നതു നാം കാണുന്നു. താൻ ചെയ്യുന്നതു തെറ്റാണെന്നു വ്യക്തമായി അറിഞ്ഞു കൊണ്ടുതന്നെ ആദാമും ആ ലംഘനത്തിൽ പങ്കാളിയാകുന്നു. പഴയ പുതിയ നിയമ പുസ്തകങ്ങളിലുടനീളം ആദാം ഭാര്യയുടെ വാക്കനുസരിക്കുന്നതിനു പകരം ദൈവകല്പന അനുസരിക്കേണ്ടിയിരുന്നു എന്ന സത്യം വെളിപ്പെടുത്തുന്നു. ദൈവം തനിക്കു മുമ്പിൽ വെച്ച പെരുമാറ്റ ചട്ടം ആദാം ലംഘിച്ചതിന്റെ പരിണിത ഫലം എന്താണെന്നു നമുക്ക് ഇന്നു തെളിവാണ്.

ഉൽപത്തി പുസ്തകം ആറാം അദ്ധ്യായത്തിൽ ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും സമ്മിശ്ര വിവാഹബന്ധത്തിൽ ഏർപ്പെടുന്നതു പാപം എന്ന് അധികം വിശദീകരണം നൽകാതെ തന്നെ വചനം അവതരിപ്പിക്കുന്നു. ആരാണ് അപ്രകാരം പ്രവർത്തിച്ചത് എന്നു വെളിപ്പെടുത്തുന്നില്ലെങ്കിലും അതിന്റെ പരിണിത ഫലം എന്നത് ദൈവം അവരെയെല്ലാം നശിപ്പിക്കേണ്ടതായി വന്നു എന്നു നാം കാണുന്നു. അപ്രകാരം, ചില പെരുമാറ്റ ചട്ടങ്ങളുടെ ലംഘനം വൻ നാശനഷ്ടങ്ങൾക്കും പ്രകൃതി ദുരന്തത്തിന്നു തന്നെയും ഇടവരുത്താം.

തന്റെ പിതാവ് മദ്യപിച്ച് ലക്കുകെട്ട് വിവസ്ത്രനായി കിടക്കുന്നതു കണ്ട ഹാം അപ്പന്റെ നഗ്നത മറയ്ക്കേണ്ടതായിരുന്നു. വിവസ്ത്രരായി കിടക്കുന്ന ആളുകളെ കാണുമ്പോൾ സാധാരണയായി ആളുകൾ ചെയ്യുന്നത് അതാണ്. ആ പൊതുചട്ടം പാലിക്കുന്നതിനു പകരം അപ്പന്റെ ലജ്ജയെ ഹാം പരസ്യവും അപഹാസ്യവുമാക്കി. തന്മൂലം തന്റെ തലമുറകൾക്കുള്ള ശാപമാണ് പിതാവിൽ നിന്നും ഹാമിന്നു ലഭിച്ചത്. സാമൂഹികവും സദാചാരപരവുമായ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനങ്ങളെ നിസാരമായി കാണാനുള്ളതല്ല.



ദൈവജനത്തിനു മദ്ധ്യേ നേതൃത്വ ശുശ്രൂഷ ചെയ്യുന്നവർ കൃത്യമായി പാലിക്കേണ്ട ചില പെരുമാറ്റ ചട്ടങ്ങൾ ഉണ്ട്. ഉദാഹരണമായി, അവർ തങ്ങളുടെ നാവിനെ കടിഞ്ഞാൺ ഇട്ടു സൂക്ഷിക്കേണം. അല്ലാഞ്ഞാൽ മറ്റു വിശ്വാസികളേക്കാളുപരി ശിക്ഷാവിധി പ്രാപിക്കും എന്നു വചനം വ്യക്തമാക്കുന്നു (1 തിമൊ. 3:8; യാക്കോ. 3:1, 2). പഴയ നിയമത്തിൽ, മോശ പാറയോടു കല്പിക്കുന്നതിനു പകരം പാറയെ അടിച്ചെങ്കിലും വെള്ളം പുറപ്പെട്ടു. കാരണം യിസ്രായേലിനെ മിസ്രയീം അടിമത്വത്തിൽ നിന്നും വിടുവിച്ച ദൈവം മരുഭൂമിയിൽ

അവരെ സംരക്ഷിക്കുമോ എന്നും കരുതുമോ എന്നുമുള്ള ഇസ്രായേലിന്റെ പരീക്ഷണത്തിനുള്ള മറുപടി ആയിരുന്നു അത്. **എങ്കിലും മോശ ദൈവ കല്പനയെ ലംഘിച്ച്, ദൈവത്തിന്നപമാനം വരുത്തിയതുകൊണ്ട് വ്യക്തി ജീവിതത്തിൽ വലിയ വില കൊടുക്കേണ്ടിവന്നു.** അക്കാലത്തെ ഏറ്റവും ശക്തമായ ഭരണകൂടത്തിന്റെ ബന്ധനത്തിൽ നിന്നും പട്ടാളത്തിന്റെയോ മല്ലന്മാരുടെയോ സഹായമില്ലാതെ യിസ്രായേൽ ജനത്തെ വിടുവിച്ചവനും ദൈവത്തോടു മുഖാമുഖമായി സംസാരിച്ചവനുമായ മോശയെ കനാൻ ദേശം കാണുവാൻ അല്ലാതെ കാലുകുത്തുവാൻ അനുവദിച്ചില്ല. ദൈവം തന്റെ കല്പനകൾക്കു എത്രപ്രാധാന്യം നൽകുന്നു എന്നു ഇതു വ്യക്തമാക്കുന്നു.

ദൈവജനത്തെ നയിക്കുന്നവർ സാധാരണ ലോക നേതാക്കന്മാരെ പോലെയല്ല. അവർക്കു ദ്വിവിധ പൗരത്വങ്ങളും ഉത്തരവാദിത്വങ്ങളുമുണ്ട്. തന്മൂലം അവർ ചെയ്യുന്ന തെറ്റു മറ്റു വിശ്വാസികളിൽ നിന്നും അതേ പ്രവൃത്തികളാൽ ദൈവത്തിനുണ്ടാക്കുന്ന അപമാനത്തേക്കാൾ വലിയ അപമാനം ദൈവത്തിനുണ്ടാക്കുന്നു. നായകന്മാർക്കു പ്രതിഫലം ഏറെയുള്ളതുപോലെ തന്നെ അവരിലെ തെറ്റുകൾക്കുള്ള ശിക്ഷയും അത്രകണ്ട് കഠിനമായിരിക്കും. സഭാ ശുശ്രൂഷകരും ക്രിസ്തീയ ശുശ്രൂഷകരും ചെയ്യുന്ന തെറ്റ് ദൈവത്തെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ ലംഘനമാണ്. തുടർന്നു നാം ദാവീദിന്റെയും ഊരിയാവിന്റെ ഭാര്യയായിരുന്ന ബർശേബയുടെയും ചരിത്രം വായിക്കുന്നു. രാജാക്കന്മാർ യുദ്ധത്തിനു പോയിരുന്ന സമയമായിരുന്നു അതെന്നു വചനം വ്യക്തമാക്കുന്നു. ദാവീദിന്റെ സൈന്യവും യുദ്ധത്തിനു പോയിരിക്കയായിരുന്നു. പെരുമാറ്റച്ചട്ട പ്രകാരം യുദ്ധം നയിക്കേണ്ടിയിരുന്ന ദാവീദ് രാജാവ് കൊട്ടാരത്തിൽ തന്നെ ഇരുന്നതു ലംഘനമാണ്. താൻ മട്ടുപ്പാവിൽ അങ്ങോട്ടും ഇങ്ങോട്ടും വെറുതെ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ തന്റെ ദൃഷ്ടി കളിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീയുടെമേൽ പതിഞ്ഞു. തന്റെ ഉത്തരവാദിത്വം ചെയ്യാതെ അലസതയോടിരിക്കുന്ന ഒരു വ്യക്തി പാപത്തിലേക്ക് ആനയിക്കപ്പെടുമെന്നതിന്റെ വ്യക്തമായ ചിത്രീകരണമാണിത്. യൗവ്വന മോഹങ്ങളെ വിട്ടോടണം എന്നതാണ് തിരുവചനം നൽകുന്ന പ്രബോധനം. ദാവീദ് ജനിക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ജീവിച്ച ഈയ്യോബ് പറയുന്നതു കന്യകെ മോഹിക്കാതിരിക്കേണ്ടതിന്നു കണ്ണിനോടു നിയമം ചെയ്തിരിക്കുന്നു എന്നാണ്. ആ പെരുമാറ്റ ചട്ടത്തെ ദൈവ ജനത്തിന്റെ നായകനും രാജാവുമായ ദാവീദ് ലംഘിച്ചതിന്റെ പ്രത്യാഘാതം എത്രയും ഗുരുതരമായിരുന്നു. ആ സംഭവം ചരിത്രമായി നമുക്കു മാറിയെങ്കിലും അതിലെ ഗുണപാഠങ്ങൾ നമ്മുടെ അറിവിലേക്ക് വിശദമായി നൽകിയിരിക്കുന്നു. ദൈവജനത്തെ നയിക്കുന്നവനും പെരുമാറ്റ ചട്ടം പാലിക്കാതെ വന്നാൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും.

വിശ്വാസികൾ പാലിച്ചു പോരേണ്ടതായ പെരുമാറ്റ ചട്ടത്തെക്കുറിച്ചു നാം തിരുവെഴുത്തിലുട നീളം കാണുന്നുണ്ട്. അവയിൽ ഒന്ന് പഴയ നിയമകാലത്ത് അഗ്രചർമ്മികളോടു കൂടെ പരിച്ഛേദനക്കാർ ആഹാരം കഴിക്കാൻ പാടില്ല എന്നതാണ്. എന്നാൽ പുതിയ നിയമത്തിൽ യഹൂദനും യവനനും തമ്മിൽ വ്യത്യാസമില്ലെന്ന പുതിയൊരു പെരുമാറ്റചട്ടം കർത്താവ് ഒരു ദർശനത്തിലൂടെ പത്രോസിനു നൽകി. അതു വ്യക്തമായും പൂർണ്ണമായും ഉൾക്കൊണ്ട പത്രോസ് കൊർന്നല്യോസിന്റെ ഭവനത്തിൽ ചെന്നു ഇക്കാര്യം വെളിപ്പെടുത്തിയ ശേഷം സുവിശേഷം അറിയിക്കുകയും ചെയ്തു. എന്നാൽ അധിക നാളുകൾ കഴിയും മുമ്പ് തന്നെ, തനിക്കു ദർശനത്താൽ ലഭിച്ച പുതിയ പെരുമാറ്റ ചട്ടത്തെ ലംഘിച്ചുകൊണ്ട് പത്രോസ് വിജാതീയരിൽ നിന്നും വേർപെട്ടു വന്ന വിശ്വാസികളോടുകൂടെ ഭക്ഷണം കഴിക്കുന്നതിൽ നിന്നും അകന്നുനിന്നു. ഈ ലംഘനത്തെ

പൗലോസ് മുഖാന്തരം ദൈവാത്മാവ് കർശനമായ ഭാഷയിൽ പരസ്യമായി വിമർശിച്ചു. അതു സദാ കാലത്തേക്കും ഒരു മുന്നറിയിപ്പായിരിക്കേണ്ട തിന്നു ഗലാത്യ ലേഖനത്തിൽ ദൈവാത്മാവ് രേഖ യാക്കി വയ്ക്കുകയും ചെയ്തു. പത്രോസ് ചെയ്ത തുപോലെ ആരും ഇനി ചെയ്യരുതെന്ന കല്പന കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി ദൈവാത്മാവ് തന്റെ ജനത്തിനു ഓർമ്മപ്പെടുത്തി ക്കൊണ്ടിരിക്കുന്നു. ദൈവകല്പിതമായ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനത്തെ ലഘുവായി ദൈവജനം കാണരുത്. ദൈവാത്മാവ് തന്റെ വചനത്തിൽ നൽകിയതിനു തുല്യമായ പ്രാധാന്യം ദൈവകല്പി തമായ ചട്ടങ്ങൾക്കു നാം നൽകേണ്ടിയിരിക്കുന്നു.

ലൈംഗികപരമായ പെരുമാറ്റ ചട്ടങ്ങൾ പഴയ നിയമത്തിൽ വളരെ വിശദമായി നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും ലേവ്യാ, ആവർത്തനം, സദൃശ വാക്യങ്ങൾ, ഉത്തമഗീതം, പ്രവചന പുസ്തകങ്ങൾ എന്നിവയിൽ. അവ ലംഘിക്കപ്പെട്ട സന്ദർഭങ്ങ ളെയും പരിണിത ഫലങ്ങളെയും ദൈവവചനം വെളിപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമം ഈ പെരു മാറ്റ ചട്ടങ്ങൾക്കു മാറ്റം വരുത്തിയിട്ടില്ല. മനസിൽ ചിന്തിക്കുന്നതുപോലും ശ്രദ്ധിച്ചു വേണമെന്ന മുന്നറിയിപ്പിനാൽ ഈ പ്രമാണങ്ങളെ കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

അപ്രകാരം, സ്വർഗ്ഗീയമായി നൽകപ്പെട്ട പെരു മാറ്റ ചട്ടങ്ങൾ സംബന്ധിച്ച് ദൈവം ഗൗരവ പ്രാധാന്യം നൽകുന്നു എന്നു മനസ്സിലാക്കാം. ലംഘികളോടുള്ള തന്റെ പ്രതികരണം കഠിനമാ ണെന്നതും വചനം വ്യക്തമാക്കുന്നു. മറ്റുള്ളവരു മായി തുലനം ചെയ്താൽ സഭാശുശ്രൂഷകർക്കു കൂടുതൽ ശിക്ഷ ലഭിക്കുമെന്നും വചനം പറയു ന്നു. അതുകൊണ്ട് ആത്മീക പെരുമാറ്റ ചട്ടങ്ങളെ സസൂക്ഷ്മം നാം കൈകാര്യം ചെയ്യേണ്ടതാവശ്യ മാണ്. (തുടരും)

---


ബൈബിൾ സ്കൂളിൽ ചേർന്നു പഠിക്കാൻ സാധിക്കാത്തവരും അതേസമയം ദൈവശാസ്ത്രം മലയാളത്തിൽ പഠിക്കുവാൻ ആഗ്രഹി ക്കുന്നവർക്കുമായി ബ്രദറൺ റിസർച്ച് ഗ്രൂപ്പ് തയ്യാർ ചെയ്യുന്ന പാഠ്യപ ദ്ധതിയിൻ പ്രകാരം മലയാളത്തിൽ ബി.റ്റി.എച്ചും, എം.ബി.എസും ചെയ്യാം. ഇന്റർനെറ്റിൽ നിന്നും പാഠപുസ്തകങ്ങൾ ഡൗൺലോഡ് ചെയ്തു പഠിക്കാം. കോഴ്സ് തികച്ചും സൗജന്യം. വീട്ടിലിരുന്ന് സ്വന്തം സമയക്രമീകരണത്താൽ ദൈവശാസ്ത്രം പഠിക്കാൻ ഒരു സുവർണ്ണാവസരം.

**അസംബ്ലി ബൈബിൾ സ്കൂൾ**

പ്രിൻസിപ്പാൾ - ഡോ. ജോൺസൺ സി. ഫിലിപ്പ്

ഡീൻ - ഡോ. സനീഷ് ചെറിയാൻ

ഇന്നു തന്നെ സന്ദർശിക്കുക.

http: //ABS.Itz4u.com

# പൂർവ്വകാല സ്മരണകൾ (തുടർച്ച)

ഇ.പി. വറുഗീസ

അങ്കമാലി അക്കാലത്ത് വളരെ ചെറിയ ഒരു ഗ്രാമമായിരുന്നു. തിരുവിതാംകൂറിലെ പഴയ രാജ വീഥി അങ്കമാലിയിൽ കൂടി കടന്നു പോകുന്നതു കൊണ്ടും, ഒരു തീവണ്ടി ആഫീസ് അങ്കമാലിയിൽ ഉള്ളതുകൊണ്ടും ഉള്ള പ്രാധാന്യമല്ലാതെ മറ്റ് അധികമൊന്നും അങ്കമാലിയെക്കുറിച്ചു പറയാനില്ല. എങ്കിലും അതൊരു പുരാതന ക്രൈസ്തവ കേന്ദ്രം എന്നതിനു പുറമെ – അങ്കം + മാലി – കലഹത്തിന്റെ കേന്ദ്രം എന്നുകൂടെ പറയത്തക്ക പ്രാധാന്യം അങ്കമാലിക്കുണ്ടായിരുന്നു. ഇപ്പോഴും ഉണ്ടെന്നുതന്നെ പറയാം. ആ പ്രദേശത്തു ക്രിസ്ത്യാനികളായി റോമൻ കത്തോലിക്കരും യാക്കോബായക്കാരും മാത്രമേ ഉണ്ടായിരുന്നുള്ളു. ഹിന്ദുക്കൾ പല വിഭാഗങ്ങളും ഉണ്ടായിരുന്നു; ഇപ്പോഴും ഉണ്ട്. മുഹമ്മദീയർ ആരും ഉണ്ടായിരുന്നില്ല. ഈ സ്ഥലത്തു സുവിശേഷം പ്രവേശിക്കുന്നതിനും അനേകരെ രക്തസാക്ഷികളായി തെരഞ്ഞെടുക്കുന്നതിനും നിലനിർത്തുന്നതിനും ദൈവത്തിനു പ്രസാദമായി. അങ്കമാലിയുടെ പൊതുനില വിചാരിക്കുമ്പോൾ, പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു എന്നതിന്റെ സാരം എന്താണെന്നു ഇവിടെ തന്റെ സഭയെ കർത്താവ് സ്ഥാപിച്ചതിൽ നിന്നും മനസ്സിലാക്കാം. അങ്ങനെ ആദ്യകാലത്ത് തനിക്കായി അങ്കമാലിയിൽ നിന്നും വേർതിരിച്ചു വിളിക്കുവാൻ ദൈവം പ്രസാദിച്ചവരുടെ കൂട്ടത്തിൽ ഞാനും എന്റെ കുടുംബവും ഉൾപ്പെടുന്നു.

കേരളത്തിലെ ക്രൈസ്തവ സഭയുടെ ആദിമകാലം മുതലേ അങ്കമാലിയിൽ ക്രിസ്ത്യാനികളുണ്ടെന്നാണ് പറയാറുള്ളത്. അതിന്റെ പഴക്കത്തിനനുസരണമായി തന്നെ അതിന്റെ ക്രിസ്തീയ സ്വഭാവവും നശിച്ചുപോയിരുന്നു. “പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവന്നോ അവന്റെ വിശ്വാസം നീതിയായി കണക്കിട്ടുന്നു” എന്ന കൃപയുടെ സുവിശേഷം അറിയാവുന്ന ആരുംതന്നെ ഈ പ്രദേശങ്ങളിലെങ്ങും അക്കാലത്തുണ്ടായിരുന്നില്ല. അങ്കമാലിയിൽ, ദൈവകൃപയുടെ സുവിശേഷവുമായി ആദിയിൽ ഈ നൂറ്റാണ്ടിന്റെ ആരംഭദശയിൽ കടന്നുവന്നതു ആരെല്ലാമായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. സഞ്ചാരപ്രസംഗികളായ പലരും വന്നു ചന്തയിൽ പ്രസംഗിക്കയും ചിലർ ചില ദിവസങ്ങൾ അങ്കമാലിയിൽ താമസിച്ചു പരസ്യ പ്രസംഗങ്ങൾ നടത്തി പോവുകയും ചെയ്തിട്ടുള്ളതായി അറിയാം. അക്കാലത്തെ അനുഭവങ്ങളെപ്പറ്റി പാവു ആശാൻ (അവർകൾ) പലപ്പോഴും പറഞ്ഞിട്ടുള്ളത് ഞാൻ കേട്ടിട്ടുള്ളതാണ്. അക്കാലത്തു ഹോട്ടലുകൾ ഒന്നും ഉണ്ടായിരുന്നില്ല. ഇടം കിട്ടുന്നേടത്തു രണ്ടോ മൂന്നോ ദിവസം താമസിച്ചു പോവുകയായിരുന്നു പതിവ്. കഞ്ഞി വിളമ്പിക്കൊടുക്കുന്ന കയിലിന്റെ കണകൊണ്ട് വിളമ്പിക്കൊണ്ടിരിക്കുമ്പോൾ തന്നെ അടുക്കളയിലേക്കു കയറിവരുന്ന പന്നിയെ അടിക്കുകയും അപ്പോൾതന്നെ അതേ തവി കൊണ്ട് വിളമ്പുകയും ചെയ്യുന്ന കഞ്ഞി കുടിക്കേണ്ടി വന്നിട്ടുള്ളത് അസഹനീയമായ അനുഭവമായിരുന്നു. എന്നു പാവു ആശാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നു. അങ്കമാലി ഒരു ഗദരദേശമായിരുന്നു. ഇന്നും വലിയ മാറ്റം വന്നിട്ടില്ല. മുഹമ്മദീയർ മാറിനിൽക്കുന്നതു അതുകൊണ്ട് കൂടി ആയിരിക്കാം. പാവു ആശാൻ മുതലായവർ പ്രസംഗിക്കുന്നതു കേൾക്കുവാനുള്ള സന്ദർഭം എനിക്കുണ്ടായിരുന്നില്ല. ഞാൻ അത്രയ്ക്കു ചെറുപ്പമായിരുന്നു.

എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന, സഞ്ചാര

പ്രസംഗികളായ രണ്ടുമൂന്നു പേരുണ്ട്. അവരിൽ പ്രധാനപ്പെട്ട ഒരാളാണ് ജോൺ ഈശോ എന്ന ദേഹം. അദ്ദേഹം ഏതു സഭക്കാരനെന്നോ എവിടുത്തുകാരനെന്നോ എനിക്കറിഞ്ഞുകൂടാ അറിയാവുന്നവർ ആരുമില്ലെന്നാണ് തോന്നുന്നത്. അദ്ദേഹത്തിന്റെ പക്കൽ സുവിശേഷക്കൊടി എന്ന പേരിൽ സാമാന്യം വലിയ ഒരു കൊടിയുണ്ടായിരുന്നു. ചന്തയിൽ വന്നു ആ കൊടി നാട്ടിക്കഴിയുമ്പോൾ എങ്ങനെയും കുറെ ആളുകൾ വന്നു ചേരാതിരിക്കയില്ല. അദ്ദേഹം പാട്ടിൽ ബഹുസമർത്ഥനായിരുന്നു. സംഗീതത്തിന്റെ ശാസ്ത്രീയമേന്മ അറിയുവാനുള്ള കഴിവ് ഇന്നും എനിക്ക് ഇല്ല. എന്നാൽ അദ്ദേഹത്തിന്റെ പക്കലുള്ള സംഗീതോപകരണത്തിന്റെ സഹായത്തോടെ ആകർഷകമായി പാടുവാനും പ്രസംഗിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. അന്നത്തെ പ്രസംഗങ്ങൾ ഞാൻ ഓർക്കുന്നില്ലെങ്കിലും അവ ക്രൂശിന്റെ സന്ദേശങ്ങളായിരുന്നു എന്നതിൽ സംശയമില്ല. അദ്ദേഹംതന്നെ പല പാട്ടുകളും എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള പാട്ടുകളായിരുന്നു അദ്ദേഹം പാടിയിരുന്നത്. അവയുടെ സാമാന്യ സ്വഭാവം ആത്മീയഗീതം 13-ാം പതിപ്പിലെ 346, 413 പാട്ടുകളിൽനിന്നും മനസ്സിലാണ്. സുവിശേഷ യോഗങ്ങളിൽ അത്യധികമായ ആവേശത്തോടെ 413-ാം പാട്ടു പലപ്പോഴും മററനേകരോടൊന്നിച്ചു ഞാനും പാടിയിട്ടുണ്ട്. “ഇത്ര ഭാഗ്യം തന്ന യേശുവിനു പ്രതി ഞാനെന്തു കൊടുക്കേണ്ടു. എന്റെ പൂർണ്ണശക്തിയോടെ തൻ നാമത്തെ വാഴ്ത്തി പുകഴ്ത്തിടുമേ” എന്ന അവസാനത്തെ അടികൾ പാടുമ്പോൾ ശബ്ദം അത്യുച്ചത്തിൽ എത്തിയിട്ടുള്ളതായി ഞാൻ ഓർക്കുന്നു. ഈ പാട്ടിന്റെ പല്ലവിയുടെ രണ്ടാമത്തെ അടിയിൽ കൊടും പാപിയെന്ന രക്ഷിപ്പാൻ എന്നും 13-ാം പതിപ്പിൽ ചേർത്തിരിക്കുന്നതോടു ചേർത്തു രക്ഷിപ്പാൻ എന്നതിനു പകരം ഹല്ലേലുയ്യാ എന്ന വാക്കു പാവു ആശാനും വില്യം ഉപദേശിയും ഉപയോഗപ്പെടുത്തി വന്നതായി ഓർക്കുന്നു. അക്കാലത്തെ ഈ ദൃശ പാട്ടുകൾ പാടുമ്പോഴനുഭവപ്പെട്ടിരുന്ന, ഒരു കാലത്തും വിസ്മരിക്കാനാവാത്ത, വികാരാവേശങ്ങളുടെ സ്മരണയിൽ നിന്നും ഇത്രയും പറഞ്ഞുപോയതാണ്.

മറ്റൊരാൾ മേക്കൊഴൂരിലുണ്ടായിരുന്ന ഒരു കർത്തൃദാസനാണ്. അദ്ദേഹം ഒരിക്കൽ മാത്രം അങ്കമാലിയിൽ വന്നതായിട്ടേ ഞാൻ ഓർക്കുന്നുള്ളു. ബ്രദറൺ പള്ളിക്കൂടങ്ങളുടെ ഇപ്പോഴത്തെ കറസ്പോണ്ടർ ശ്രീ. എ.കെ. തോമസിന്റെ പിതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു വാചകവും എന്റെ ഓർമ്മയിൽ ഇല്ല. എന്നാൽ പ്രസംഗിച്ച വിധം വ്യക്തമായി ഓർക്കുന്നുണ്ട്. മറക്കുവാൻ സാധ്യമല്ല താനും. “വേല വളരെ, വേലക്കാരോ ചുരുക്കം” എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്തു. ആ കാലത്തേക്കാൾ ആ വസ്തുത ഈ കാലത്ത് അനേകമടങ്ങു ബലവത്തായ സത്യമായി അവശേഷിക്കുന്നു. ഉള്ളവരായ വേലക്കാർ ആത്മ നിറവിൽ പ്രവർത്തിച്ചിരുന്നെങ്കിൽ എന്ന് എത്രയോവട്ടം ഞാൻ ഓർക്കുകയും, ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഈ ബന്ധത്തിൽ സ്മരിക്കത്തക്ക ആത്മ വീര്യത്തോടെയാണ് അന്ന് അദ്ദേഹം അങ്കമാലി ചന്തയിൽ പ്രസംഗിച്ചത്. അക്കാലങ്ങളിൽ വ്യാപരിച്ച ആത്മാവിന്റെ ശക്തിയും ചൈതന്യവും ഇക്കാലത്തെ പ്രസംഗങ്ങളിൽ വെളിപ്പെട്ടു വന്നിരുന്നു. എങ്കിൽ എന്നു സ്വാഭാവികമായും ആഗ്രഹിച്ചു പോകുന്നു.

കുന്ദംകുളം തൃശൂർ മുതലായ സ്ഥലങ്ങളിൽ ശ്രീ. നാഗലും ഇരിങ്ങാലക്കുടയിൽ ശ്രീ. കോഹറും പ്രവർത്തിച്ചു വന്നിരുന്നു. പറവൂരിലും കൊച്ചിയിലും ഓരോ അളവുകളിൽ വേലകൾ നടത്തിയിരുന്നുവെങ്കിലും അങ്കമാലി ആരുടെയും ശ്രദ്ധയിൽ പെട്ടിരുന്നില്ല. അങ്കമാലിയെപ്പോലെയും കൂടുതലായും ശ്രദ്ധാർഹങ്ങളായ ആലുവ പോലെയുള്ള അനവധി സ്ഥലങ്ങൾ അടുത്ത പരിസര

ങ്ങളിൽ ഉള്ളപ്പോൾ അങ്കമാലിയെ തന്റെ വേല സ്ഥമായി തെരഞ്ഞെടുക്കുന്നതിന് എ.വി. തൈൻ എന്ന മിഷനറിയെ പ്രേരിപ്പിച്ചതു ദൈവം തന്നേ എന്നു കരുതുവാനേ ന്യായമുള്ളു. അങ്കമാലിയിൽ ഒരു സ്ഥലം വാങ്ങുവാനും വീടുണ്ടാക്കുന്നതിനും പറവൂരിലെ ചാക്കോ ഉപദേശിയാണ് സഹായിച്ച തെന്നു അദ്ദേഹം തന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. റയിൽവേ സ്റ്റേഷനടുത്തുള്ള ഇപ്പോഴുള്ള സഭാ ഹാളിന്റെ വടക്കേ പുരയിടമാണ് അദ്ദേഹം വാങ്ങുകയും വീടുണ്ടാക്കുകയും ചെയ്തത്. ചെകുത്താന്മാർ അർദ്ധരാത്രിയിലും നട്ടുച്ചയ്ക്കും അവിടെ തിങ്ങികൂടുമെന്നും തീപ്പന്തങ്ങൾകൊണ്ട് അമ്മാനമാടി കളിക്കുമെന്നും പറഞ്ഞു വന്ന ഒരു സ്ഥലമായിരുന്നു അത്. ആ സ്ഥലത്തുവെച്ച് അനവധി യാളുകൾ പിൽക്കാലത്തു രക്ഷിക്കപ്പെട്ടിട്ടുണ്ട്. ചെകുത്താന്റെ കൂട്ടിൽ സുവിശേഷ പ്രവർത്തനം നടത്തുവാൻ ഇടയായതു ഒരു നല്ല കാര്യമായി തന്നെ കരുതാം. ആ സ്ഥലം മി. തൈൻ വാങ്ങിയതു അൺസിനോമിനേഷൻ സഭയുടെ ആവശ്യത്തിനെന്നായിരുന്നു ആധാരത്തിൽ കാണിച്ചിരുന്നത്. അക്കാലത്തു ബ്രദറൺകാർ എന്ന പേര് വടക്കൻ തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടായിരുന്ന സഭകൾ സ്വീകരിച്ചിരുന്നില്ല. തെക്കൻ പ്രദേശങ്ങളിൽ ഈ പേര് സർവ്വ സാധാരണമായി തീർന്ന കാലങ്ങളിൽ കൂടെ വടക്കുള്ളവർ അതിനെ പരസ്യമായി നിരാകരിച്ചിരുന്നു. മെസ്സേർസ് ബേർഡ്, നാഗൽ എന്നിവർക്കും ബ്രദറൺ എന്ന പേര് സ്വീകാര്യമായിരുന്നില്ലെന്നാണ് കേട്ടിട്ടുള്ളത്.

(അടുത്തലക്കം സോപ്പു സൂപ്പ് സാൽവേഷൻ)

വേദപുസ്തകത്തിന്റെ വിശ്വാസ്യതയെ എതിർക്കുന്നവർ ഉന്നയിക്കുന്ന 'ബൈബിളിലെ തെറ്റുകൾ' സംബന്ധിച്ച് ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് തയ്യാറാക്കുന്ന എൻസൈക്ലോപീഡിയ ഓഫ് ബൈബിൾ ഡിഫിക്കൽട്ടീസ് ഇപ്പോൾ വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നു.

ഇന്നു തന്നെ സന്ദർശിക്കുക.

http: //FreeEbooks.Itz4u.com